പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം.നം.408 .27.02.2018-ലെ മറുപടിക്ക്

## സ്പാർക്കിൽ നിന്നും വിവര ചോർച്ച

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങള്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സ്പാർക്ക് വഴി ശമ്പളം വാങ്ങി നൽകേണ്ട ചില ഡ്രോയിങ് ആൻറ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ, ഈ ജോലി ചില ഏജൻസികൾക്ക് കൈമാറിയാൽ സർക്കാർ ജീവനക്കാരുടെ വ്യക്തി വിവരങ്ങൾ ചോർത്തുന്നതായ വിവരം ശ്രദ്ധയില്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിവരങ്ങൾ പുറത്താകുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | അതാതു ഓഫീസിലെ മേലധികാരികൾ സാക്ഷ്യ പ്പെടുത്തി നൽകിയിട്ടുള്ള ഫോറത്തിന്റെ അടിസ്ഥാനത്തിൽ ഡി ഡി ഓ മാർക്കും അവര് ചുമതലപ്പെടുത്തുന്ന ചുരുക്കം ചില ഉദ്യാഗസ്ഥർക്കും മാത്രമാണ് സ്പാർക്കിൽ നിന്നും യൂസർ കോഡ്, പാസ്സ്വേർഡ് എന്നിവ നൽകി വരുന്നത്. ആദ്യം നൽകുന്ന പാസ്സ്വേർഡ് തുടക്കത്തില് തന്നെ ഉദ്യാഗസ്ഥർ മാറ്റിയാൽ മാത്രമേ സോഫ്റ്റ്വെയര് ഉപയോഗിക്കുവാന് കഴിയുകയുള്ളൂ.തുടർന്നുള്ള ഓരോ |

| | | |
|---|---|---|
| | | 60 ദിവസത്തിലൊരിക്കൽ ഇത് പുനക്രമീകരിക്കുകയും വേണം .കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷാ പുനരവലോകനത്തിന്റെ ഭാഗമായി പാസ്സ്‌വേർഡ് പുനഃ ക്രമീകരിക്കുന്നതിനുള്ള സമയക്രമം 60 ദിവസത്തിൽ നിന്നും 30 ദിവസമാക്കി കുറയ്ക്കുന്നതിനും ആധാർ അധിഷ്ഠിതമായി പാസ്സ് വേർഡ് പുനഃ ക്രമീകരിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പരിഗണനയിലാണ്. |

അക്കൗണ്ട്സ് ഓഫീസർ